സീയോൻ പുത്രിയെ നീ ഉല്ലസിച്ചു ഘോഷിക്ക

രക്ഷയുടെ ദൈവത്തിൽ ഉല്ലസിച്ചു ഘോഷിക്ക
**നിന്റെ നിന്ദയെല്ലാം അത്ഭുതമായ് തീരും** (2)

ലജ്ജിക്കയില്ല ലജ്ജിക്കയില്ല

ദൈവ മക്കളാരും ലജ്ജിക്കയില്ല

കണ്ണുനീർ കാണുമ്പോ **ൾ** മനസലിയുന്ന

ദൈവം തന്റെ മക്കളെ ലജ്ജിപ്പിക്കയില്ല. (2) ലജ്ജിക്കയില്ല.......

നിന്റെ ദൈവം എവിടെ എന്ന് ശത്രു ചോദിക്കും

എന്നാൽ എന്റെ ദൈവം **സ്വർഗ്ഗത്തിലു ണ്ടെ ന്ന്**

ധൈര്യത്തോടെ പറയാൻ നിന്നെ ദൈവം ഉയർത്തും. (2) ലജ്ജിക്കയില്ല.......

അൽപ്പ നേരത്തേക്കു നീ കഷ്ടതയിൽആയാലും

അന്ധകാരം നിന്നെ മൂടിയിരുന്നാലും

നിന്റെ ദൈവം നിനക്കു വെളിച്ചമാ **യ്** ഉദിക്കും. (2) ലജ്ജിക്കയില്ല.......

അന്ധകാരം ഭൂമിയെ കൂരിരുട്ടു ജാതിയെ

മൂടിടുമ്പോൾ നിന്റെമേ **ൽ** യെഹോവ ഉദിക്കും

തന്റെ തേജസെ **േ ന്ന**ക്കും നിന്റെമേൽ പ്രകാശിക്കും. (2) ലജ്ജിക്കയില്ല.......